*വർക്കിംങ്ങ് പേപ്പർ സീരിസ് നമ്പർ. 7*

**കേരള സർക്കാർ**

# സമഗ്ര ക്ഷീരവികസനം
# ക്ഷീര സഹകരണ സംഘങ്ങളിലൂടെ
# മുതുകുളം ബ്ലോക്ക് പഞ്ചായത്ത്
# ആലപ്പുഴ ജില്ല

**ഇവാലുവേഷൻ ഡിവിഷൻ**
**കേരള സംസ്ഥാന ആസൂത്രണ ബോർഡ്**

**നവംബർ 2012**

## സംഗ്രഹം

മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 2011–12 വർഷത്തിൽ ഉൾപ്പെടുത്തി നിർവഹിച്ച സമഗ്ര ക്ഷീര വികസനം – ക്ഷീര സഹകരണ സംഘങ്ങളിലൂടെ എന്ന പദ്ധതി ലക്ഷ്യമിടുന്നത് ബ്ലോക്ക് പ്രദേശത്ത് ക്ഷീരോത്പാദനം വർദ്ധിപ്പിക്കുകയും, കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും നിലവിലുള്ളവരെ സംരക്ഷിച്ച് നിർത്തുകയും ചെയ്യുക എന്നുള്ളതാണ്. ക്ഷീര സഹകരണ സംഘങ്ങളിൽ കൂടിയുള്ള ശരാശരി പാൽ സംഭരണം വർദ്ധിപ്പിക്കുകയും കൂടുതൽ കർഷകരെ ക്ഷീര സഹകരണ സംഘങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്തി, ബോധവത്കരണ പരിപാടി, കാലിത്തീറ്റ വിതരണം, ധാതുലവണ മിശ്രിത വിതരണം, തീറ്റപ്പുൽ കൃഷി പ്രോത്സാഹനം എന്നീ നാല് ഘടകങ്ങൾ ഉൾപ്പെടുത്തിയ പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയത്. ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കളെ സുതാര്യമായി തെരഞ്ഞെടുത്തുകൊണ്ടായിരുന്നു പദ്ധതി നടപ്പിലാക്കിയത്. പദ്ധതി കാലയളവിൽ സഹകരണ സംഘങ്ങളിൽ കൂടിയുള്ള ശരാശരി പാൽ സംഭരണം, ആകെ അംഗങ്ങളുടെ എണ്ണം, ശരാശരി പാൽ ഉത്പാദനം എന്നിവ ഗണ്യമായി വർദ്ധിക്കുകയും, ബ്ലോക്ക് പഞ്ചായത്ത് പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തിലേയ്ക്ക് കൂടുതൽ അടുക്കുകയും ചെയ്തു. ഈ പദ്ധതി, കുറവുകൾ പരിഹരിച്ച് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനം ഇന്ന് നേരിടുന്ന അതിരൂക്ഷമായ പാൽ ക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുകയും ക്ഷീരമേഖലയുടെ സമഗ്ര വികസനം സാദ്ധ്യമാകുകയും ചെയ്യുന്നതാണ്. കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും വ്യാവസായികാടിസ്ഥാനത്തിൽത്തന്നെ ഉത്പാദനം സാദ്ധ്യമാക്കുന്നതിനും പദ്ധതിയുടെ വിപുലീകരണംകൊണ്ട് സാധിക്കുന്നതാണ്.

## നിരാകരണം

ഈ പഠന റിപ്പോർട്ട് ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് അസിസ്റ്റന്റായ ശ്രീ. റൂബിൻ ജോർജ്ജ് തയ്യാറാക്കിയതാണ്. 11- ാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ഒരു പൊതു അവലോകനം നൽകുക എന്നതാണ് ഈ പഠനറിപ്പോർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ റിപ്പോർട്ടിലെ ഉള്ളടക്കം സംസ്ഥാന ആസൂത്രണബോർഡിന്റെ നയങ്ങളെയോ കാഴ്ചപ്പാടുകളെയോ പ്രതിഫലിപ്പിക്കണമെന്നില്ല.

**ആമുഖം**

പാലിന്റെ ഉത്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ക്ഷീരോത്പാദക മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുകയും, നിലവിലുള്ളവരെ സംരക്ഷിച്ച് നിർത്തേണ്ടതുമുണ്ട്. പാൽസംഭരണവും, വിതരണവും പ്രധാനമായും നടക്കുന്നത് ക്ഷീര സഹകരണ സംഘങ്ങളിലൂടെയാണ്. തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും അമിതമായ കാലിത്തീറ്റ വിലവർദ്ധനവും പാൽ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും സംസ്ഥാനം മുഴുവൻ പാൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും ക്ഷീര സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. ക്ഷീര സഹകരണ സംഘങ്ങളിലൂടെയുള്ള ക്ഷീരമേഖലയുടെ സമഗ്ര വികസനമാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്.

**പ്രോജക്ടിന്റെ ലഘു വിവരണം**

| | |
|---|---|
| പദ്ധതിയുടെ പേര് | – **സമഗ്ര ക്ഷീരവികസനം- ക്ഷീര സഹകരണ സംഘങ്ങളിലൂടെ** |
| നടപ്പാക്കിയ വർഷം | – 2011–12 |
| തദ്ദേശഭരണ സ്ഥാപനം | – മുതുകുളം ബ്ലോക്ക് പഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – ക്ഷീര വികസന ഓഫീസർ, മുതുകുളം ബ്ലോക്ക് |
| പദ്ധതി വിഹിതം | – 6,90,000/- രൂപ |
| പദ്ധതിയുടെ ഗുണഭോക്താക്കൾ | – 380 ക്ഷീര കർഷകർ |
| പദ്ധതിയിൽ ഉൾപ്പെടുത്തിയ ഘടകങ്ങൾ | –ബോധവത്കരണപരിപാടി, കാലിത്തീറ്റ വിതരണം, ധാതുലവണ മിശ്രിത വിതരണം, തീറ്റപ്പുൽ കൃഷി പ്രോത്സാഹനം |

**പട്ടിക -1**

**ധനകാര്യ വിശകലനം (തുക രൂപയിൽ)**

| ഘടകങ്ങൾ | ഒരു ഗ്രൂപ്പിന് | | | 38 ഗ്രൂപ്പുകൾക്ക് | | |
|---|---|---|---|---|---|---|
| | അടങ്കൽ തുക | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | അടങ്കൽ തുക | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം |
| ബോധവത്കരണ പരിപാടി | 300 | 300 | 0 | 11400 | 11400 | 0 |
| കാലിത്തീറ്റ *380 x 2ചാക്ക് x 4മാസം x 640/ചാക്ക്* | 51200 | 16880 | 34320 | 1945600 | 641440 | 1304160 |
| ധാതു ലവണ മിശ്രിതം *380 x 1 കിലോ x 2മാസം x 65/ചാക്ക്* | 1300 | 420 | 880 | 49400 | 15960 | 33440 |
| തീറ്റപ്പുൽ കൃഷി *380 x 2 സെന്റ് x 30/സെന്റ്* | 600 | 0 | 600 | 22800 | 0 | 22800 |
| ഹാന്റിലിംഗ് ചാർജ്ജ് *380 x 2ചാക്ക് x 4മാസം x 4/ചാക്ക്* | 320 | 320 | 0 | 12160 | 12160 | 0 |
| പദ്ധതി നിർവ്വഹണ ചെലവ് | 238 | 238 | 0 | 9040 | 9040 | 0 |
| **ആകെ** | **53958** | **18158** | **35800** | **2050400** | **690000** | **1360400** |

## ഗ്രൂപ്പ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ

1. ഗ്രൂപ്പിൽ നാമമാത്ര അംഗങ്ങളെ മാത്രമെ ഉൾപ്പെടുത്തുവാൻ പാടുള്ളൂ
2. 2009-10, 2010-11 വർഷം സംഘത്തിൽ കൂടുതൽ പാൽ അളന്ന അംഗങ്ങൾക്ക് മുൻഗണന നൽകണം
3. 10 പേർ അടങ്ങുന്ന ഗ്രൂപ്പിൽ കുറഞ്ഞത് 2 പേരെങ്കിലും വനിതകളായിരിക്കണം
4. എല്ലാ ഗ്രൂപ്പിലും ഒരു സ്ഥാനം പട്ടികജാതി/പട്ടികവർഗ്ഗ കർഷകനായി സംവരണം ചെയ്തിരിക്കണം
5. എല്ലാ സംഘങ്ങളിലെയും ഗ്രൂപ്പുകൾ സംഘം ഭരണ സമിതിയുടെയും ബന്ധപ്പെട്ട ബ്ലോക്ക് കമ്മിറ്റി അംഗത്തിന്റെയും അംഗീകാരം നേടിയിരിക്കേണ്ടതാണ്.

**പ്രവർത്തന കലണ്ടർ**

| | | |
|---|---|---|
| 2011 ഒക്ടോബർ | – | ഗുണഭോക്തൃഗ്രൂപ്പുകളുടെ തെരഞ്ഞെടുപ്പ്, ബോധവത്കരണ പരിപാടി പരിശീലന |
| 2011 നവംബർ | – | കാലിത്തീറ്റ വിതരണം |
| 2011 ഡിസംബർ | – | കാലിത്തീറ്റവിതരണം, ധാതുലവണ മിശ്രിത വിതരണം, തീറ്റപ്പുൽ കൃഷി |
| 2012 ജനുവരി | – | കാലിത്തീറ്റവിതരണം, ധാതുലവണ മിശ്രിത വിതരണം, തീറ്റപ്പുൽ കൃഷി |
| 2012 ഫെബ്രുവരി | – | കാലിത്തീറ്റവിതരണം, തീറ്റപ്പുൽ കൃഷി |
| 2012 മാർച്ച് | – | ക്ഷീര സംഘങ്ങൾക്ക് ധനസാഹയ വിതരണം |

**സംഘാടനം**

പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുതുകുളം ബ്ലോക്ക് ക്ഷീരവികസന ഓഫീസറായിരിക്കും. മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ നീർത്തട പരിപാലനത്തിനുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ഗുണഭോക്തൃ ഗ്രൂപ്പുകൾ ഉൾപ്പെടുന്ന ക്ഷീരസംഘം പ്രസിഡന്റും സെക്രട്ടറിമാരും സംഘാടനത്തിൽ നിർവ്വഹണ ഉദ്യോഗ്സ്ഥനെ സഹായിക്കുന്നതാണ്.

**മോണിറ്ററിംഗ്**

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് മൃഗസംരക്ഷണം/ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കുക.
2. കൂടുതൽ ക്ഷീരകർഷകരെ ക്ഷീര സഹകരണ സംഘങ്ങളിലേക്ക് ആകർഷിക്കുക.
3. വേനൽകാലത്ത് തീറ്റപ്പുൽ ദൗർലഭ്യം മൂലം കാലികൾക്കുണ്ടാകുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുക
4. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിലവർദ്ധനവുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ഭാരം കുറച്ച് പശുവളർത്തൽ കൂടുതൽ ആദായകരമാക്കുക
5. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രതിദിന പാലുത്പാദനം 5000 ലിറ്റർ കണ്ട് വർദ്ധിപ്പിക്കുക.
6. കറവുമാട് വളർത്തലിന് തടസ്സമായിവരുന്ന വിവിധ ഘടകങ്ങളുടെ അവലോകനം നടത്തുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.

**പദ്ധതിയുടെ പ്രത്യേകത**

1. പ്രാഥമിക മേഖലയിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നടത്തിയ മികച്ച രണ്ട് പദ്ധതികളിൽ ഒന്നാണിത്.
2. ഈ പദ്ധതിയുടെ നിർവ്വഹണശേഷം ആത്മയുടെ ആലപ്പുഴജില്ലയിലെ മികച്ച ക്ഷീരകർഷകനെ മുതുകുളം ബ്ലോക്കിൽ നിന്നും തെരഞ്ഞെടുത്തു.
3. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിലുള്ള മാതൃകാ പദ്ധതിയായി അംഗീകരിക്കപ്പെട്ടു.

**വിവരശേഖരണം**

*1. പ്രാഥമിക വിവരങ്ങൾ*

പദ്ധതിയുടെ ഗുണഭോക്താക്കളുമായി അഭിമുഖം നടത്തിയും ടെലിഫോൺ സംഭാഷണം നടത്തിയും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചും വിവരങ്ങൾ സംഭരിച്ചു

*2. ദ്വിതീയ വിവരങ്ങൾ*

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചർച്ച നടത്തിയും ബന്ധപ്പെട്ട ബോക്ക് പഞ്ചായത്തിലെ ഫയലുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളുടെ രേഖകളിൽ നിന്നും വിവര ശേഖരണം നടത്തി

**പഠന കാലയളവ്**

തീറ്റപ്പുല്ലിന്റെ ദൗർലഭ്യംമൂലം ഉത്പാദനം കുറയുന്ന നവംബർ മുതൽ ഫെബ്രുവരി വരെയുള്ള നാലുമാസത്തേയ്ക്കാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. താരതമ്യപഠനത്തിനായി ഒരു വർഷം മുമ്പുള്ള ഇതേ കാലയളവിലെ വിവരങ്ങളാണ് പഠനവിധേയമാക്കിയത്.

**പഠനത്തിനായി ഉപയോഗിച്ച സങ്കേതങ്ങൾ**

1. ശതമാനം
2. ശരാശരി
3. താരതമ്യപഠനം

സാങ്കേതികമായ യാതൊരു വിശദീകരണ സങ്കേതങ്ങളും ഈ പഠനത്തിന് ഉപയോഗിച്ചിട്ടില്ല

**പഠനമേഖല**

മുതുകുളം ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന 33 ക്ഷീരസഹകരണ സംഘങ്ങളിലെയും അംഗങ്ങളെ പഠനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളായ 380 ക്ഷീരകർഷകരിൽ നിന്നും *(10 അംഗങ്ങൾ വീതമുള്ള 38 ഗ്രൂപ്പുകൾ)* തിരഞ്ഞെടുത്ത നാല് ഗ്രൂപ്പുകളിൽ ഉൾപ്പെട്ട 40 ക്ഷീര കർഷകരെയാണ് പ്രാഥമിക വിവര ശേഖരണത്തിനായി പഠന വിധേയമാക്കിയിരിക്കുന്നത്.

**പഠനത്തിന്റെ പ്രാധാന്യം**

ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക മേഖലകളിൽ ആവിഷ്കരിക്കുന്ന വിവിധങ്ങളായ പദ്ധതികളുടെ അവലോകനം നടത്തേണ്ടത് 60 ശതമാനത്തിലധികം ജനങ്ങൾ കാർഷികമേഖലയെ ആശ്രയിച്ചുകഴിയുന്ന ഒരു സംസ്ഥാനത്ത് അത്യന്താപേക്ഷിതമാണ്. മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 2011–12 വർഷത്തിൽ ഉൾപ്പെടുത്തി നർവ്വഹിച്ച സമഗ്ര ക്ഷീരവികസനം – ക്ഷീര സഹകരണ സംഘങ്ങളിലൂടെ എന്ന പദ്ധതി ലക്ഷ്യമാക്കുന്നത് പ്രസ്തുത മേഖലയുടെ സമഗ്ര വികസനവും അതിൽ ഉൾപ്പെടുന്ന അംഗങ്ങളുടെ സാമ്പത്തിക ഉന്നമനവുമാണ്. സർക്കാർ നിശ്ചയിക്കുന്ന വിലയും, വർദ്ധിച്ച ഉത്പാദന ചെലവും മൂലം കർഷക പ്രാതിനിധ്യം കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ മേഖലയിലേക്ക് യുവ കർഷകരെ ആകർഷിക്കുകയും നിലവിലുള്ളരെ സംരക്ഷിക്കുകയും ചെയ്യുന്ന വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അത്തരത്തിൽ മേഖലയാകെ ഉണർവുണ്ടാക്കിയ ജനകീയ പദ്ധതിയാണിത്. പാലുത്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് ഒരു ബ്ലോക്ക് പ്രദേശത്ത് നടപ്പിലാക്കിയ പദ്ധതിമൂലം ഗണ്യമായ തോതിൽ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീരമേഖലയ്ക്ക് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനവ്യാപകമായിത്തന്നെ നടപ്പിലാക്കാവുന്നതും അതുവഴി സംസ്ഥാനം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാവുന്നതുമാണ്.

**പഠന വിധേയമാക്കിയ ലക്ഷ്യങ്ങൾ**

1. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ക്ഷീരോത്പാദനം വർദ്ധിച്ചുവോ?
2. തീറ്റപ്പുൽ കൃഷിയിൽ കർഷകർ താത്പര്യം കാണിക്കുകകയും തദ്വാരാ ഉത്പാദനം വർദ്ധിപ്പിക്കുവാനും സാധിച്ചുവോ?
3. കാലിത്തീറ്റ സബ്സിഡി നൽകുക വഴി കാലിത്തീറ്റ വിലവർദ്ധനവിന്റെ അധിക ഭാരം കുറയുകയും പശുവളർത്തൽ ആദായകരമാകുകയും ചെയ്തിട്ടുണ്ടോ?
4. ക്ഷീര സഹകരണ മേഖലയിൽ കർഷക പ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ടോ?
5. പാലുത്പാദനം വർദ്ധിക്കുകയും അതുവഴി സ്വയം പര്യാപ്തത കൈവരിക്കുകയ എന്ന ലക്ഷ്യത്തിലേക്ക് എത്തിപ്പെ ടുകയും ചെയ്തിട്ടുണ്ടോ?

## പഠനത്തിന്റെ പരിമിതികൾ

1. പഠനത്തിനാവശ്യമായ സമയം മറ്റ് ജോലിത്തിരക്കുകൾ കാരണം ലഭ്യമായിട്ടില്ല. ആയതിനാൽ സമഗ്ര പഠനം നടത്തിയിട്ടില്ല.
2. സാങ്കേതിക വിശദീകരണ സങ്കേതങ്ങൾ ഉപയോഗിച്ച് പഠനം നടത്തിയിട്ടില്ല
3. ലഭ്യമായ രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ നിഗമനങ്ങൾ നടത്തിയിരിക്കുന്നു. മറ്റു രീതിയിലുള്ള ഉന്നത പഠനങ്ങൾ കൃത്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമാണ്.
4. ക്ഷീര സഹകരണ സംഘങ്ങൾ വഴി സംഭരിക്കപ്പെടുന്ന പാലിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ പഠനവും നടത്തിയിരിക്കുന്നത്. യഥാർത്ഥ ഉത്പാദനം അതിലും വളരെയധികം കൂടുതലാണ്.

## കണ്ടെത്തലുകളും നിർദ്ദേശങ്ങളും

### ബ്ലോക്ക് പഞ്ചായത്ത ് പരിധിയിൽ ക്ഷീരോത്പാദനം വർദ്ധിച്ചു

മുതുകുളം ബ്ലോക്കിൽ ഉൾപ്പെട്ട 33 ക്ഷീര സഹകരണ സംഘങ്ങളിലൂടെ 2010 നവംബർ മാസ ത്തിൽ ശരാശരി 5855 ലിറ്റർ പാൽ പ്രതിദിനം സംഭരിച്ചിരുന്ന സ്ഥാനത്ത് 2011 നവംബർ മാസം ആയപ്പോഴേക്കും പ്രതിദിന പാൽ സംഭരണം 7748 ലിറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് ശരാശരി 1893 ലിറ്റർ ദിവസ വർദ്ധനവ്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പാലുത്പാദനം കുറഞ്ഞുവരുന്ന പ്രവണതയാണ് തലേവർഷം കാണിച്ചത്. എന്നാൽ പദ്ധതി നടപ്പിലാക്കിയ മാസങ്ങളിൽ പാലുത്പാദനം ഓരോമാസവും കൂടുന്നതായാണ് കാണിക്കുന്നത്. 2011 ഫെബ്രുവരി മാസത്തെ അപേക്ഷിച്ച് 2012 ഫെബ്രുവരി മാസം പാലുത്പാദനം 3226 ലിറ്റർ അധികമാണ്. ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ മൂന്നിലൊന്നു മാത്രമേ സഹകരണ സംഘങ്ങളിൽ അളക്കുന്നതായി കാണുന്നുള്ളൂ. അതു പ്രകാരം ശരാശരി പാലുത്പാദനം പ്രതിദിനം 5000 ലിറ്റർ കണ്ട് വർദ്ധിച്ചതായി അനുമാനിക്കാവുന്നതാണ്.

**പട്ടിക -2**
**പാൽസംഭരണം - 2010-11, 2011-12**

| വർഷം/മാസം | നവംബർ 2010 | ഡിസംബർ 2010 | ജനുവരി 2011 | ഫെബ്രുവരി 2011 |
|---|---|---|---|---|
| ശരാശരി ദിവസ സംഭരണം (ലിറ്റർ) | 5855 | 5382 | 5088 | 4842 |
| വർഷം/മാസം | **നവംബർ 2011** | **ഡിസംബർ 2011** | **ജനുവരി 2012** | **ഫെബ്രുവരി 2012** |
| ശരാശരി ദിവസ സംഭരണം (ലിറ്റർ) | 7748 | 8281 | 8077 | 8068 |
| **അധിക സംഭരണം** | **1893** | **2899** | **2989** | **3226** |

*ഉറവിടം: ഡെയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, മുതുകുളം*

പദ്ധതി നടപ്പാക്കിയ മാസങ്ങളിൽ തലേ വർഷത്തെ അപേക്ഷിച്ച് ഉത്പാദന വർദ്ധനവ് കാണിക്കുന്നുണ്ട്. മഴ കുറവുള്ളതും തീറ്റപ്പുൽ ദൗർലഭ്യമുള്ളതുമായ മാസങ്ങളിൽപ്പോലും മുൻ മാസങ്ങളെ അപേക്ഷിച്ച് വർദ്ധനവാണ് കാണിക്കുന്നത്. തീറ്റപ്പുൽ കൃഷി പോത്സാഹനവും ധാതുലവണ വിതരണവും പാലുത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ശരാശരി പാലുത്പാദനം 20 ശതമാനത്തിലധികം വർദ്ധിച്ചിട്ടുണ്ട്.

### ക്ഷീര സഹകരണ മേഖലയിലേയ്ക്ക് കർഷക പ്രാതിനിധ്യം വർദ്ധിച്ചു

മുതുകുളം ബ്ലോക്ക് പ്രദേശത്ത് രജിസ്റ്റർ ചെയ്ത 33 ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നുവെങ്കിലും 29 സംഘങ്ങളിൽകൂടി മാത്രമേ സജീവമായി പാൽ സംഭരണം നടത്തിയിരുന്നുള്ളു. സാമ്പത്തിക പ്രശ്നങ്ങളിലും പ്രാദേശികമായ വിഷയങ്ങളിലും കുടുങ്ങി 4 സംഘങ്ങളുടെ പ്രവർത്തനം നിലച്ച സ്ഥിതിയിലായിരുന്നു. പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി 4 യൂണിറ്റുകളുടെയും പ്രവർത്തനം പുനരാരംഭിക്കുവാൻ സാധിച്ചു. ആകെയുള്ള അംഗങ്ങൾ 1479 ൽ നിന്നും 1782 ആയി വർദ്ധിച്ചു. ശരാശരി പാൽ സംഭരണം 3.57 ലിറ്ററിൽ നിന്നും 0.94 ലിറ്റർ വർദ്ധിച്ച് 4.51 ലിറ്ററായി എന്നുള്ളതും ശുഭ സൂചകമാണ്.

**പട്ടിക 3**
**ക്ഷീര സഹകരണ സംഘങ്ങളിൽ അംഗത്വ വർദ്ധനവ്**

| **വർഷം** | **സഹകരണ സംഘങ്ങൾ**(എണ്ണം) | **ആകെ അംഗങ്ങൾ**(എണ്ണം) | **ശരാശരി പാൽ സംഭരണം**(എണ്ണം) |
|---|---|---|---|
| 2011 ഫെബ്രുവരി | 29 | 1479 | 3.57 |
| 2012 ഫെബ്രുവരി | 33 | 1782 | 4.51 |
| വർദ്ധനവ് | 4 | 303 | 0.94 |

*ഉറവിടം: ഡെയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ് മുതുകുളം.*

പദ്ധതി നടപ്പിലാക്കിയതോടുകൂടി നിർജ്ജീവമായി കിടന്നിരുന്ന 4 ക്ഷീരസഹകരണ സംഘങ്ങളിൽകൂടി പാൽ സംഭരണം പുനരാരംഭിച്ചു. 20.49 ശതമാനം കർഷക പ്രാതിനിധ്യം സഹകരണ മേഖലയിൽ വർദ്ധിച്ചു. ശരാശരി പാൽ സംഭരണം 0.94 ലിറ്റർ വർദ്ധിച്ചു.

### പദ്ധതി പ്രദേശത്ത് തീറ്റപ്പുൽ കൃഷിവ്യാപനം സാദ്ധ്യമായി

പദ്ധതിയുടെ അനുബന്ധ ഘടകമായി ഉൾപ്പെടുത്തിയിരുന്ന തീറ്റപ്പുൽ കൃഷി ഓരോ ഗുണഭോക്താവും കുറഞ്ഞത് 2 സെന്റ് സ്ഥലത്തെങ്കിലും ചെയ്യണമെന്ന് നിഷ്കർഷിച്ചിരുന്നു. കാലിത്തീറ്റയുടെ അളവ് തീറ്റപ്പുൽ നൽകുന്നതിലൂടെ കുറയ്ക്കാവുന്നതും, തീറ്റപ്പുല്ല് സാധാരണ പച്ചപ്പുല്ലിനേക്കാൾ ഗുണമേന്മ കൂടിയതുമാണ്. ടി പദ്ധതിയുടെ ഫലമായി പദ്ധതി പ്രദേശത്ത് വലിയതോതിൽ തീറ്റപ്പുൽ കൃഷി മാത്രം ചെയ്യുന്ന രണ്ട്

സംരംഭകർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു കെട്ട് തീറ്റപ്പുല്ലിന് വിപണിവിലയായി 25 രൂപ ലഭിക്കുന്നതിനാൽ തീറ്റപ്പുൽ കൃഷി അനുബന്ധമായി ചെയ്ത് ലാഭം ഉണ്ടാക്കാവുന്നതാണ്.

പദ്ധതിയുടെ ഘടകമായി ഉൾപ്പെടുത്തിയ തീറ്റപ്പുൽ കൃഷി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 7.60 ഏക്കർ സ്ഥലത്ത് പുതുതായി വ്യാപിക്കുകയുണ്ടായി. വിശദാംസം പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക - 4**
**തീറ്റപ്പുൽ കൃഷി വ്യാപനം**

| **സ്ഥലം** | **ഗുണഭോക്താക്കൾ** | **ആകെ വിസ്തീർണ്ണം** |
|---|---|---|
| 2 സെന്റ് വീതം | 380 | 7.60 ഏക്കർ |

*ഉറവിടം: പദ്ധതി പൂർത്തീകരണ റിപ്പോർട്ട്*

**കാലിത്തീറ്റ സബ്സിഡി മുഖേന ക്ഷീര കർഷകർക്ക് ലഭിച്ച സാമ്പത്തിക നേട്ടം**

കാലിത്തീറ്റയുടെ പ്രധാന അസംസ്കൃതവസ്തുക്കളായ ഗോതമ്പ്, ചോളം എന്നിവ കേരളത്തിന് പുറത്തുനിന്നും എത്തിക്കേണ്ടതുള്ളതിനാൽ കാലാവസ്ഥാ വ്യതിയാനവും ലഭ്യത കുറവും അനുസരിച്ച് കാലിത്തീറ്റ വില വർദ്ധനവ് കാലാകാലങ്ങളിൽ ഉണ്ടാകുന്നുണ്ട്. പാലുത്പാദനത്തിന് വേണ്ടിവരുന്ന ചെലവിന്റെ 80 ശതമാനവും കാലിത്തീറ്റയ്ക്ക് മാത്രമായാണ് ചെലവിടുന്നത്. ഒരു ലിറ്റർ പാലിന് ശരാശരി 22 രൂപയാണ് കർഷകന് സഹകരണ സംഘങ്ങൾ മുഖേന നൽകുന്നത് ഇതിൽ 18 രൂപയോളം ഉത്പാദനചെലവ് ആകുന്നുണ്ട്. കർഷകന്റെ പ്രയത്നം മാറ്റിനിർത്തിയാൽ ശരാശരി 4 രൂപ മാത്രമാണ് കർഷകന്റെ ലാഭം. കാലിത്തീറ്റയുടെ വിലയിനത്തിൽ ഗുണഭോക്തൃ വിഹിതം കിഴിച്ചുള്ള 33 ശതമാനം തുക സബ്സിഡി ഇനത്തിൽ കർഷകന് ലഭിച്ചു. ഓരോ ലിറ്റർ പാലുത്പാദന ചെലവിന്റെയും 26 ശതമാനം തുക സബ്സിഡി ഇനത്തിൽ ലഭിച്ചതിനാൽ കർഷകന് സാമ്പത്തിക ലാഭവും അതുവഴി ക്ഷീരമേഖലയ്ക്ക് ഉണർവും ഉണ്ടായിട്ടുണ്ട്.

**പട്ടിക - 5**
**ഗുണഭോക്താക്കൾക്ക് ലഭിച്ച സാമ്പത്തിക നേട്ടങ്ങൾ**(തുക രൂപയിൽ)

| **ഇനം** | **പദ്ധതി വിഹിതം** |
|---|---|
| കാലിത്തീറ്റ | 641440 |
| ധാതുലവണ മിശ്രിതം | 15960 |
| ബോധവത്കരണ പരിപാടി | 11400 |
| ആകെ | 668800 |

ഓരോ ഗുണഭോക്താവിനും 1,760 രൂപയുടെ ആനുകൂല്യം ലഭ്യമായി. (6,68,800/380)

**ക്ഷീര സഹകരണ സംഘങ്ങൾക്ക് ലഭിച്ച സാമ്പത്തിക നേട്ടം**

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് നേതൃത്വം നൽകിയ 22 ക്ഷീരസഹകരണ സംഘങ്ങൾക്കായി കൈകാര്യ ചെലവിനത്തിൽ കാലിത്തീറ്റബാഗ് ഒന്നിന് നാലു രൂപ പ്രകാരം 12,160/- രൂപ ലഭിക്കുകയുണ്ടായി

**പദ്ധതി നടത്തിപ്പിൽ അടങ്കൽ തുകയുടെ 100 ശതമാനവും ചെലവഴിക്കപ്പെട്ടു.**

ജനകീയാസൂത്രണ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി അടങ്കലിന്റെ 90 ശതമാനം തുക ചിലവഴിച്ചാൽത്തന്നെ 100 ശതമാനമായി കണക്കാക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം സമയ ബന്ധിതമായും ആസൂത്രിതമായും പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചു. നിർവ്വഹണ ചെലവിനത്തിൽ ചിലവഴിക്കേണ്ടിയിരുന്ന തുക ലഭിച്ചതിനാൽ പദ്ധതി 100 ശതമാനം പൂർത്തീകരിച്ചതായി അനുമാനിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിൽ പുലർത്തിയ കാര്യക്ഷമതയും, കർഷക പങ്കാളിത്തവും കാരണം ഇനിയും ഇത്തരത്തിലുള്ള പ്രാദേശിക വികസന പദ്ധതികൾ ആവശ്യമാണെന്ന് ക്ഷീരകർഷകർ പ്രാദേശിക ഭരണകൂടത്തോട് നിവേദനത്തിലൂടെ ആവശ്യപ്പെടുകയും ചെയ്തു.

| | | |
|---|---|---|
| പദ്ധതി അടങ്കൽ | - | 6,90,000/- |
| ആകെ ചെലവ് | - | 6,73,740/- |
| ശതമാനം | - | 97.6 |

**കണ്ടെത്തലുകൾ**

1. പദ്ധതി കാലയളവിൽ പാലുത്പാദനം 25 ശതമാനം വർദ്ധിച്ചിട്ടുണ്ട്.
2. സഹകരണമേഖലയിൽ ക്ഷീരകർഷകരുടെ പ്രാതിനിധ്യം 20 ശതമാനം കണ്ട് വർദ്ധിച്ചു
3. ശരാശരി പാൽ സംഭരണം 1 ലിറ്റർ വർദ്ധിച്ചു.
4. തീറ്റപ്പുൽ കൃഷിക്ക് വ്യാപകമായ പ്രചാരം ലഭിച്ചു.
5. പാൽ ഉത്പാദന വർദ്ധനവിന് അനുസൃതമായി കറവുമാടുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
6. ക്ഷീരമേഖലയിലേക്ക് പുതിയ സംരംഭകർ കടന്നുവരുകയും നിലവിലുള്ളവർക്ക് പുത്തനുണർവ്വുണ്ടാവുകയും ചെയ്തിട്ടുണ്ട്.

**നിർദ്ദേശങ്ങൾ**

1. കാലിത്തീറ്റ വില വർദ്ധനവും ക്ഷാമവും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തീറ്റപ്പുൽ കൃഷിയിലൂടെ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.
2. മൂല്യവർദ്ധിത ക്ഷീരോത്പ്പന്ന നിർമ്മാണ സാങ്കേതിക വിദ്യ കർഷകർക്ക് ലഭ്യമാക്കണം

3. അത്യുത്പാദന ശേഷിയുള്ള കറവമാടുകളെ വിതരണം ചെയ്യണം
4. ക്ഷീര കർഷകർക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്ഷേമ പദ്ധതികളിൽ അംഗത്വം നൽകണം
5. കാലിത്തീറ്റയുടെ നിർമ്മാണം തദ്ദേശീയമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ചായിരിക്കണം. ലളിതമായ സാങ്കേതികവിദ്യ കർഷകരെ പരിശീലിപ്പിക്കണം.

**ഉപസംഹാരം**

മൃഗീയഭൂരിപക്ഷമായ ഉപഭോക്താക്കളുടെ താത്പര്യസംരക്ഷണാർത്ഥം പാലിന്റെ വില സർക്കാർ നിയന്ത്രണത്തിൽ തുടരുന്നിടത്തോളം കാലം ക്ഷീരകർഷകർക്ക് പാലിന് ഉത്പാദന ചെലവിന് ആനുപാതികമായ വില ലഭിക്കില്ല. കാലിത്തീറ്റയുടെ വിലവർദ്ധനവും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും മൂലം കർഷകർക്ക് ഉത്പാദനച്ചെലവേറുകയാണ്. തദ്ദേശീയ വിഭവങ്ങൾ ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമ്മാണവും അത്യുത്പാദനശേഷിയുള്ള കറവമാടുകളുടെ വിതരണവും വഴി ഈ മേഖലയിൽ ഉണർവ്വുണ്ടാക്കുവാൻ സാധിക്കും. സർക്കാർ തലത്തിലുള്ള ക്രിയാത്മകമായ പ്രോത്സാഹനവും പരിരക്ഷയും കൊണ്ടുമാത്രമേ നിലവിലുള്ള കർഷകരെയെങ്കിലും ഈ മേഖലയിൽ നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. ക്ഷീരകർഷകർക്കുവേണ്ടിയുള്ള ഭാവനാ സമ്പന്നമായ പദ്ധതികൾ സംസ്ഥാനതലത്തിൽതന്നെ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് ഈ മേഖല അപ്പാടെ അന്യംനിന്ന് പോകാതിരിക്കാൻ അത്യാവശ്യമാണ്.